(സി) നിയമനാംഗീകാരം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2002-2003 അദ്ധ്യയന വർഷം മുതലുള്ള അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച കാര്യങ്ങൾ സർക്കാർ പരിശോധനയിലാണ്.

(ബി) & (സി) തസ്തിക സൃഷ്ടിക്കുന്നതിനനുസരിച്ച് നിയമനാംഗീകാരവും നൽകുന്നതാണ്.

ബി. എഡിന് എൻ. ഒ. സി. നൽകിയതിൽ ക്രമക്കേട്

93 [3619] *ശ്രീ. എ. കെ. ബാലൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. സർക്കാർ അധികാരമേറ്റെടുത്തശേഷം സ്വാശ്രയ മേഖലയിൽ പുതുതായി ബി. എഡ്. കോളേജ് ആരംഭിക്കാൻ എൻ. ഒ. സി. നൽകിയിട്ടുണ്ടോ;

(ബി) എൻ. ഒ. സി. നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്തായിരുന്നു;

(സി) എൻ. സി. ടി. ഇ. നോംസ് ആന്റ് സ്റ്റാൻന്റേർഡ് പ്രകാരമാണോ കോളേജുകളെ തെരഞ്ഞെടുത്തത്;

(ഡി) അല്ലെങ്കിൽ എന്തടിസ്ഥാനത്തിലാണ് എൻ. ഒ. സി. നൽകിയത്;

(ഇ) എൻ. ഒ. സി. നൽകിയതുമായി ബന്ധപ്പെട്ട് കോടതിയിൽ എത്ര കേസുകളാണ് നിലവിൽ ഉള്ളത്; ഇതുമായി ബന്ധപ്പെട്ട എത്ര കേസുകൾ ഉണ്ടായിരുന്നു; അവയിൽ എത്രയെണ്ണം തീർപ്പായി ;

(എഫ്) ബി. എഡിന് എൻ. ഒ. സി. നൽകിയതിൽ ക്രമക്കേട് നടത്തിയതുമായി ബന്ധപ്പെട്ട് കോടതിയിൽ വല്ല കേസ്സും നിലവിൽ ഉണ്ടോ ; പ്രസ്തുത കേസ്സിൽ പ്രതികൾ ആരെല്ലാമാണ് ; വാദിഭാഗത്ത് ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം രൂപീകരിച്ച ഉന്നതാധികാര സമിതി പ്രധാനമായും താഴെ പറയുന്ന മാനദണ്ഡങ്ങൾ പരിഗണിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. സ്വന്തമായ സ്ഥിരം കെട്ടിടം — 50 മാർക്ക്.

സ്വന്തമായ സെമി പെർമെനന്റ് കെട്ടിടം — 10 മാർക്ക്

സ്വന്തമായ മറ്റു സ്ഥാപനങ്ങളിലെ ക്ലാസുമുറികൾ മാത്രം ലഭ്യമാക്കിയിട്ടുള്ളവർക്ക് — 5 മാർക്ക്,

വാടക കെട്ടിടം — 5 മാർക്ക്.

2. ഭൂമിയുടെ ലഭ്യത 4.25 ഏക്കറിനുമുകളിൽ — 10 മാർക്ക്.

ഭൂമിയുടെ ലഭ്യത 4.25 ഏക്കറിനുതാഴെ — 5 മാർക്ക്.

3. ലാബറട്ടറി സൗകര്യം ഉള്ളവർക്ക് — 5 മാർക്ക്.

4. ലൈബ്രറി സൗകര്യം ഉള്ളവർക്ക് — 5. മാർക്ക്.

5. മോഡൽസ്കൂൾ എച്ച്. എസ്. എസ്. ആയി ഒരേ ക്യാമ്പസിൽ ഉള്ളവർക്ക് — 30 മാർക്ക്.

മോഡൽ സ്കൂൾ ഹൈസ്ക്കൂൾ ആയി ഒരേ ക്യാമ്പസിൽ ഉള്ളവർക്ക് — 25 മാർക്ക്.

മോഡൽസ്കൂൾ സി. ബി. എസ്. ഇ. ആയി ഒരേ ക്യാമ്പസിൽ ഉള്ളവർക്ക് — 25 മാർക്ക്.

മോഡൽസ്കൂൾ ഒരു കിലോമീറ്ററിനുള്ളിൽ ഉള്ളവർക്ക് — 15 മാർക്ക്.

മോഡൽസ്കൂൾ 3 കിലോമീറ്ററിനുള്ളിൽ ഉള്ളവർക്ക് — 5 മാർക്ക്.

പരമാവധി — 100 മാർക്ക്.

(സി) അതെ.

(ഡി) (ബി) വിഭാഗത്തിന്റെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങളാണ് പ്രധാനമായും സ്വീകരിച്ചത്.

(ഇ) & (എഫ്) 43 കേസ്സുകൾ നിലവിലുണ്ട്. അവയിൻമേൽ കോടതി തീർപ്പു കൽപ്പിച്ചിട്ടില്ല.

ബി. എഡ്. കോളേജുകൾ അനുവദിക്കുന്നതിനെക്കുറിച്ച് പഠനം

94 [3620] *ശ്രീ. ടി. കെ. ബാലൻ :*

,, എ. കെ. ബാലൻ :

,, കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടുതൽ ബി. എഡ്. കോളേജുകൾ അനുവദിക്കുന്നതിന്റെ ആവശ്യകതയെ സംബന്ധിച്ച് പഠിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ നിശ്ചയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly